"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

നികുതി വകുപ്പ് -എക്സൈസ് -ജീവനക്കാര്യം -എക്സൈസ് വകുപ്പിന്റെ കീഴിലുള്ള മൂന്ന് മേഖലാ മൊബൈൽ ലിക്വർ ടെസ്റ്റിംഗ് ലബോറട്ടറികളിലെ 3 സയന്റിഫിക് ഓഫീസർ തസ്തികകളും, 3 ലബോറട്ടറി അസിസ്റ്റന്റ് തസ്തികകളും ആഭ്യന്തര വകുപ്പിന് കീഴിലെ കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിന്റെ കേഡർ തസ്തികകളായി പുനർനിർണ്ണയിച്ചു കൊണ്ട്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എഫ് ) വകുപ്പ്**

സ.ഉ.(കൈ) നം.6/2025/TAXES തീയതി,തിരുവനന്തപുരം, 18-01-2025

---

പരാമർശം:-

1. സ.ഉ (സാധാ) നം.127/2015/നി.വ. തീയതി 25.02.2015.
2. സ.ഉ (കൈ) നം.224/2015/നി.വ തീയതി 03.12.2015.
3. സ.ഉ (കൈ) നം.54/2017/നി.വ തീയതി 25.06.2017.
4. ഗവ.ചീഫ് കെമിക്കൽ എക്സാമിനറുടെ 27.11.2023 ലെ സിഇ എൽഡി/1160/2023-ഇ1 നമ്പർ കത്ത്.
5. എക്സൈസ് കമ്മീഷണറുടെ 30.05.2024 ലെ ഇ.എക്സ്.സി/1333/2024 -എക്സ്.ഡി1 നമ്പർ കത്ത്.

**ഉത്തരവ്**

എക്സൈസ് വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന ഉത്തര, മധ്യ, ദക്ഷിണ മേഖല മൊബൈൽ ലിക്വർ ടെസ്റ്റിംഗ് ലബോറട്ടറികളിലേക്ക് സയന്റിഫിക് ഓഫീസർ, ലബോറട്ടറി അസിസ്റ്റന്റ് എന്നീ 2 തസ്തികകളിലേക്കുള്ള ഉദ്യോഗസ്ഥരെ കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിൽ നിന്നുമാണ് നിലവിൽ, അന്യത്ര സേവന വ്യവസ്ഥയിൽ, നിയമിച്ചു വരുന്നത്. എന്നാൽ കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിലെ പ്രസ്തുത തസ്തികകളിലെ ഉദ്യോഗസ്ഥർ അന്യത്ര സേവന വ്യവസ്ഥയിൽ പോകുന്നതിന് വിമുഖത കാണിക്കുന്ന പ്രവണതയുള്ളതും ആയത് മറികടന്ന് അതാത് തസ്തികകളിലെ സീനിയോറിറ്റി ലിസ്റ്റിലെ ജൂനിയർ മോസ്റ്റ് ഉദ്യോഗസ്ഥനെ നിയമിക്കുന്ന വേളയിൽ കോടതി വ്യവഹാരത്തിലേക്ക് പോകുന്ന ഒരു സാഹചര്യവുമാണ് ഇപ്പോൾ നിലവിൽ ഉള്ളതെന്നും, ഇത്തരത്തിൽ ഉദ്യോഗസ്ഥർ പ്രതികരിക്കുന്നത് വകുപ്പിന്റെ ഭരണനിർവ്വഹണത്തിൽ കാര്യമായ വീഴ്ച ഉണ്ടാക്കുന്നതായും, മേൽ സാഹചര്യങ്ങളിൽ എക്സൈസ് വകുപ്പിന്റെ കീഴിലുള്ള മൂന്ന് മേഖലാ മൊബൈൽ ലിക്വർ ടെസ്റ്റിംഗ് ലബോറട്ടറികളിലേക്ക് കെമിക്കൽ എക്സാമിനേഴ്സ് ലാബുകളിൽ നിന്നും അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കുന്ന 3 സയന്റിഫിക് ഓഫീസർ തസ്തികകളും, 3 ലബോറട്ടറി അസിസ്റ്റന്റ് തസ്തികകളും കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിന്റെ കേഡർ തസ്തികകളായി പുനർനിർണയിക്കുന്നതിനായി ചീഫ് കെമിക്കൽ എക്സാമിനർ പരാമർശം (4) പ്രകാരം വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി.

2) എക്സൈസ് വകുപ്പിന്റെ കീഴിലുള്ള മൂന്ന് മേഖലാ മൊബൈൽ ലിക്വർ ടെസ്റ്റിംഗ് ലബോറട്ടറികളിലെ 3 സയന്റിഫിക് ഓഫീസർ തസ്തികകളും, 3 ലബോറട്ടറി അസിസ്റ്റന്റ് തസ്തികകളും കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിന്റെ കേഡർ തസ്തികകളായി പുനർനിർണയിക്കണമെന്നുള്ള ചീഫ് കെമിക്കൽ എക്സാമിനറുടെ പ്രൊപ്പോസൽ ടി ഉദ്യോഗസ്ഥരുടെ സേവനം എക്സൈസ് വകുപ്പിന് കൃത്യമായി ലഭ്യമാക്കണം എന്ന വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ എക്സൈസ് കമ്മീഷണർ പരാമർശം (5) ലെ കത്ത് പ്രകാരം ശിപാർശ ചെയ്യുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എക്സൈസ് വകുപ്പിന്റെ കീഴിലുള്ള മൂന്ന് മേഖലാ മൊബൈൽ ലിക്വർ ടെസ്റ്റിംഗ് ലബോറട്ടറികളിലെ 3 സയന്റിഫിക് ഓഫീസർ തസ്തികകളും, 3 ലബോറട്ടറി അസിസ്റ്റന്റ് തസ്തികകളും ടി ഉദ്യോഗസ്ഥരുടെ സേവനം എക്സൈസ് വകുപ്പിന് കൃത്യമായി ലഭ്യമാക്കണം എന്ന വ്യവസ്ഥയിൽ ആഭ്യന്തര വകുപ്പിന് കീഴിലെ കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിന്റെ കേഡർ തസ്തികകളായി പുനർനിർണ്ണയിച്ചു കൊണ്ടും ടി തസ്തികകളുടെ നിയമന രീതി അപ്രകാരം പരിഷ്കരിച്ചുകൊണ്ടും നിയമന അധികാരി ചീഫ് കെമിക്കൽ എക്സാമിനറായി പുനർനിർണ്ണയിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പ്രമോദ് എം വി

ജോയിന്റ് സെക്രട്ടറി

1.എക്സൈസ് കമ്മീഷണർ,തിരുവനന്തപുരം.

2.ചീഫ് കെമിക്കൽ എക്സാമിനർ,തിരുവനന്തപുരം.

3.അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്-ഇ.ആർ.എസ് .എ ) കേരളം, തിരുവനന്തപുരം.

4.ആഭ്യന്തര (ഇ) വകുപ്പ് (ഇ2/463/2023-ആഭ്യന്തരം തീയതി 28.12.2024 പ്രകാരം).

5.വെബ് &ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).

6.കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Reese. V. A
Date: 20-01-2025 10:09:54
സെക്ഷൻ ഓഫീസർ